# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4940 — 01/07/13-ൽ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന റോഡുകളുടെ വിവരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന റോഡുകളുടെ ഭരണാനുമതി ലഭ്യമായ റോഡുകൾ ഏതൊക്കെ; നടപ്പിലാക്കുവാൻ ഏറ്റെടുത്തിട്ടുള്ള റോഡുകൾ ഏതൊക്കെ; | (എ) ഭരണാനുമതി ലഭ്യമായ റോഡുകൾ<br>1) കൈപ്പള്ളിൽ കടവ് മുതൽ മേലോട്ടിൽ മുക്ക് വരെയുള്ള റോഡ് നൂറനാട് പഞ്ചായത്ത്.<br>2) പുലിമേൽ കല്ലരിക്കന്നിൽ മുക്ക് മുതൽ കുമ്പിളിമല വള്ളക്കടവ് വരെയുള്ള റോഡ് നൂറനാട് പഞ്ചായത്ത്.<br>മേൽപ്പറഞ്ഞ രണ്ട് റോഡുകളുടേയും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തിരുഹൃദയക്കുന്ന മുതൽ വിശ്വഭവനം വരെയുള്ള റോഡിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) മാവേലിക്കര മണ്ഡലത്തിലെ ഫിഷ്മാർക്കറ്റുകൾ നവീകരിക്കുന്നതിലേക്കായി ഏറ്റെടുത്തിട്ടുള്ള മാർക്കറ്റുകൾ ഏതൊക്കെ; ഭരണാനുമതി ലഭ്യമായതേതൊക്കെയാണ് ; എസ്റ്റിമേറ്റ് തുകയടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ മാവേലിക്കര മണ്ഡലത്തിൽ പാലമേൽ എന്ന സ്ഥലത്ത് 174.61 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു ആധുനിക മത്സ്യമാർക്കറ്റ് തീരദേശ വികസന കോർപ്പറേഷൻ വഴി നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് നിർമ്മാണത്തിന്റെ പ്രാരംഭനടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ